**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3554** **26-10-2021 - ൽ മറുപടിയ്ക്ക്**

**കോളേജ് അദ്ധ്യാപകരുടെ പ്രൈവറ്റ് ട്യൂഷൻ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോളേജ് അദ്ധ്യാപകർ പ്രൈവറ്റ് ട്യൂഷൻ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതായി സംസ്ഥാന വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി ബ്രണ്ണൻ കോളേജിലെ മൂന്ന് അദ്ധ്യാപകരെ ജില്ലയിൽ നിന്ന് മാറ്റി നിയമിക്കാൻ ഉത്തരവിട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ കൃഷ്ണമേനോൻ സ്മാരക സർക്കാർ വനിത കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ് എന്നിവിടങ്ങളിലെ ആരോപണ വിധേയരായ മൂന്ന് അദ്ധ്യാപകരിൽ രണ്ട് പേർ നിലവിൽ കണ്ണൂർ ജില്ലയ്ക്ക് പുറത്താണ് ജോലി ചെയ്യുന്നതെന്നത് കണക്കിലെടുത്ത് നിലവിൽ കണ്ണൂർ ജില്ലയിൽ ജോലി ചെയ്യുന്ന ഒരു അദ്ധ്യാപകനെ ജില്ലക്ക് പുറത്തേക്ക് മാറ്റി നിയമിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ടി അദ്ധ്യാപകൻ അതേ കോളേജിൽ തന്നെ തുടരുന്നുണ്ടെന്നതു ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് തേടിയിരുന്നു.ടിയാനെ സ്ഥലം മാറ്റി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഉത്തരവ് പ്രകാരം സ്ഥലംമാറ്റപ്പെടേണ്ട കണ്ണൂർ സർവ്വകലാശാലയിലെ സിൻഡിക്കേറ്റ് അംഗമായ അദ്ധ്യാപകൻ ഇപ്പോഴും അതേ കോളേജിൽ തന്നെ തുടരുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ? | (സി) | വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ കൃഷ്ണമേനോൻ സ്മാരക സർക്കാർ വനിത കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ് എന്നിവിടങ്ങളിലെ ആരോപണ വിധേയരായ മൂന്ന് അദ്ധ്യാപകരിൽ രണ്ട് പേർ നിലവിൽ കണ്ണൂർ ജില്ലയ്ക്ക് പുറത്താണ് ജോലി ചെയ്യുന്നതെന്നത് കണക്കിലെടുത്ത് നിലവിൽ കണ്ണൂർ |

| | | | |
|---|---|---|---|
| | | | ജില്ലയിൽ ജോലി ചെയ്യുന്ന ഒരു അദ്ധ്യാപകനെ ജില്ലക്ക് പുറത്തേക്ക് മാറ്റി നിയമിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ടി അദ്ധ്യാപകൻ അതേ കോളേജിൽ തന്നെ തുടരുന്നുണ്ടെന്നതു ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് തേടിയിരുന്നു. ടിയാനെ സ്ഥലം മാറ്റി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ